"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്-നവകേരള സദസ്സുമായി ബന്ധപ്പെട്ട് ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച നവകേരള മിനി ഓഡിറ്റോറിയം,പിണറായി കൺവെൻഷൻ സെന്റർ എന്ന പദ്ധതിയുടെ എസ്.പി.വി ആയി KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL)-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ജി) വകുപ്പ്**

സ.ഉ.(കൈ) നം.32/2026/PWD തീയതി,തിരുവനന്തപുരം, 15-03-2026

---

1. G.O(P)No.104/2022/FIN dt. 02/09/2022

2. G.O(Ms).No. 1/25/PIEMD തീയതി .30/05/2025

3. G.O (Ms) No. 3/25/PIEMD തീയതി 28/07/2025

പരാമർശം:- 4 പൊതുമരാമത്ത്(കെട്ടിട)വിഭാഗം ചീഫ് എഞ്ചിനീയറുടെ 19/11/2025 തീയതിയിലെ CEPWD-KNR/25/2025-A6-PWD നമ്പർ കത്ത്.

**ഉത്തരവ്**

നവകേരളസദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളുടെ അന്തിമപട്ടിക അംഗീകരിച്ചുകൊണ്ടും, പദ്ധതികളുടെ നടത്തിപ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും പുറപ്പെടുവിച്ച പരാമർശം (2,3) ഉത്തരവുകൾ പ്രകാരം കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ മിനി ഓഡിറ്റോറിയം, പിണറായി കൺവെൻഷൻ സെന്റർ എന്ന പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തി പൊതുമരാമത്ത് വകുപ്പിനെ ഭരണ വകുപ്പായി ചുമതലപ്പെടുത്തിയിരുന്നു. മേൽ പദ്ധതിയുടെ നിർമ്മാണത്തിന് എസ്.പി.വി ആയി KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL)-നെ ചുമതലപ്പെടുത്തണമെന്ന ആവശ്യം ഭരണ വകുപ്പായ പൊതുമരാമത്ത് വകുപ്പിലാണ് തുടർനടപടകൾ സ്വീകരിക്കേണ്ടതെന്ന് പദ്ധതിനിർവ്വഹണ നിരീക്ഷണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

2. തുടർന്ന് ഈ വിഷയത്തിൽ മേൽ പരാമർശം 4 പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയിരിക്കുന്ന റിപ്പോർട്ടിൽ, പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിൽ നിന്നും അംഗീകരിക്കുന്ന പ്ലാൻ പ്രകാരമേ പ്രവൃത്തി നിർവഹണം സാധ്യമാകു

എന്നുള്ളതിനാലും പുറമെ നിന്നുള്ള ഏജൻസി തയ്യാറാക്കിയ രൂപകൽപനയും അത് പ്രകാരമുള്ള സൈറ്റ് പ്ലാനിനും അംഗീകാരം നൽകുന്ന കീഴ്വഴക്കമില്ലാത്തതിനാലും നിലവിൽ മേൽ പദ്ധതിയുടെ എസ് പി വി ആയി കെ.എസ്.ഐ.ടി.എൽ നെ നിയമിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ടി പ്രവൃത്തിക്ക് ഭരണ വകുപ്പായി ചേർത്തിട്ടുള്ള പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കുന്നതിനും, പ്രവൃത്തി നിർവ്വഹിക്കുന്നതിന് കെ.എസ്.ഐ.ടി.എൽ-നെ ചുമതലപ്പെടുത്തുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കണം എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. നവകേരള സദസ്സിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലാണ് ധർമ്മടം മണ്ഡലത്തിൽ നവകേരള മിനി ഓഡിറ്റോറിയം എന്ന പദ്ധതി അനുവദിച്ചിരിക്കുന്നത്. നവകേരള സദസ്സ് പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം "പ്രോജക്ടുകളുടെ നിർവഹണം സർക്കാർ വകുപ്പുകളോ ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളോ മുഖേന നടത്താവുന്നതാണ്. നിർവഹണം നടത്താൻ ഉദ്ദേശിക്കുന്ന വകുപ്പിന്റെ/ഏജൻസിയുടെ സഹായത്തോടെ വിശദമായ പദ്ധതിരേഖ (ഡിപിആർ) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ SOR അടിസ്ഥാനമാക്കി PRICE സോഫ്റ്റ്വെയർ തയ്യാറാക്കേണ്ടതാണ്. നിയമപരമായി ഒടുക്കേണ്ട നികുതി ഉൾപ്പെടെയുള്ള എല്ലാ അടവുകളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം. നിർവഹണം അക്രഡിറ്റഡ് ഏജൻസി മുഖേനയാണെങ്കിൽ അനുവദനീയമായ സെന്റേജ് ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം. ഭരണാനുമതി നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ഭരണ വകുപ്പ് ഇവ ഉറപ്പാക്കേണ്ടതാണ്" എന്നിങ്ങനെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

4. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം പ്രവൃത്തിക്ക് ചുമതലപ്പെടുത്തിയിരിക്കുന്ന നിർവ്വഹണ വകുപ്പ് തന്നെയാണ് ഇപ്രകാരം അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തേണ്ടത്. പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസികളെ നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം(1) ഉത്തരവിൽ കെ.എസ്.ഐ.ടി.എൽ (KSITL) എന്ന ഏജൻസി ഉൾപ്പെട്ടിട്ടില്ല.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരള സദസ്സുമായി ബന്ധപ്പെട്ട് ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച മിനി ഓഡിറ്റോറിയം പിണറായി കൺവെൻഷൻ സെന്റർ എന്ന പദ്ധതിയുടെ എസ്.പി.വി ആയി പരാമർശം(1) ഉത്തരവിൽ അക്രഡിറ്റഡ് ഏജൻസിയായി ഉൾപ്പെട്ടിട്ടില്ലാത്ത KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL) നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത്(കെട്ടിട) വിഭാഗം,തിരുവനന്തപുരം

സൂപ്രണ്ടിംഗ് എഞ്ചിനീയർ,പൊതുമരാമത്ത്(കെട്ടിട വിഭാഗം),ഉത്തര മേഖല,കോഴിക്കോട്

എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത്(കെട്ടിട വിഭാഗം),കണ്ണൂർ

ധനകാര്യ വകുപ്പ്(U.O.No.I&PW-B2/250/2025-FIN dt. 16/02/2026)

പൊതുഭരണ(എസ്.സി)വകുപ്പ്(ഇനം നം .4001 dated14/03/2026)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരളം,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Signed by
Savitha o.d
Date: 15-03-2026 15:02:38
സെക്ഷൻ ഓഫീസർ

പകർപ്പ്:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 14-03-2026**

ഫയൽ നം. പൊ.മ.വ.-ജി3/563/2025/പൊ.മ.വ. ഇനം നം: 4001

വിഷയം : പൊതുമരാമത്ത് വകുപ്പ് - നവകേരള സദസ്സുമായി ബന്ധപ്പെട്ട് ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച നവകേരള മിനി ഓഡിറ്റോറിയം, പിണറായി കൺവൻഷൻ സെന്റർ എന്ന പദ്ധതിയുടെ എസ്.പി.വി. ആയി കെ.എസ്.ഐ.റ്റി.ഐ.എൽ.-നെ ചുമതലപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.മ.വ- ജി3/563/2025-പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ജി) വകുപ്പ് |
| 3 | വിഷയം | : | പൊതുമരാമത്ത് വകുപ്പ്-നവകേരള സദസ്സുമായി ബന്ധപ്പെട്ട് ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച നവകേരള മിനി ഓഡിറ്റോറിയം,പിണറായി കൺവെൻഷൻ സെന്റർ എന്ന പദ്ധതിയുടെ എസ്.പി.വി ആയി കെ.എസ്.ഐ.ടി.ഐ.എൽ-നെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.03.2026 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സുമേഷ് കുമാർ സി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | - |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | - |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | - |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

കരട്

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. നവകേരള സദസ്സുമായി ബന്ധപ്പെട്ട് ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച നവകേരള മിനി ഓഡിറ്റോറിയം എന്ന പദ്ധതിയുടെ എസ്.പി.വി ആയി KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL)-നെ ചുമതലപ്പെടുത്തണമെന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. നവകേരളസദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളുടെ അന്തിമപട്ടിക അംഗീകരിച്ചുകൊണ്ടും, പദ്ധതികളുടെ നടത്തിപ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും 30-05-2025 ലെ G.O(Ms).No. 1/25/PIEMD പ്രകാരം ഉത്തരവായിരുന്നു. 28-07-2025 തീയതിയിലെ G.O (Ms) No. 3/25/PIEMD ~~ഉത്തരവ്~~ പ്രകാരം ഉത്തരവായ അന്തിമപട്ടികയിൽ 5 കോടി രൂപ മാറ്റി വച്ചിട്ടുള്ള കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ മിനി ഓഡിറ്റോറിയം, പിണറായി കൺവെൻഷൻ സെന്റർ എന്ന പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പിനെ ഭരണ വകുപ്പായി ചുമതലപ്പെടുത്തിയിരുന്നു. മേൽ പദ്ധതിയുടെ നിർമ്മാണത്തിന് എസ്.പി.വി ആയി KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL)-നെ ചുമതലപ്പെടുത്തണമെന്ന ആവശ്യം ഭരണ വകുപ്പായ പൊതുമരാമത്ത് വകുപ്പിലാണ് തുടർനടപടകൾ സ്വീകരിക്കേണ്ടതെന്ന് പദ്ധതിനിർവ്വഹണ നിരീക്ഷണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. flag A flag B

3. തുടർന്ന് ഈ വിഷയത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയിരിക്കുന്ന റിപ്പോർട്ടിൽ, ~~ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു.~~ 2023 ലെ നവകേരള സദസ്സിന്റെ ഭാഗമായി , മിനി ഓഡിറ്റോറിയം, പിണറായി കൺവെൻഷൻ സെന്റർ പ്രവൃത്തിക്ക് 5 കോടി രൂപ വകയിരുത്തി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്റ്റിന്റെ കാര്യാലയത്തിൽ നിന്നും അംഗീകരിക്കുന്ന പ്ലാൻ പ്രകാരമേ പ്രവൃത്തി നിർവഹണം സാധ്യമാകൂ എന്നുള്ളതിനാൽ, 26.08.2025 തിയ്യതിയിൽ ചേർന്ന ഓൺലൈൻ മീറ്റിംഗിന്റെ ഭാഗമായി പുറമെ നിന്നുള്ള ഏജൻസി തയ്യാറാക്കിയ താത്കാലിക ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്റ്റിന്റെ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന്, പുറമെ നിന്നുള്ള ഏജൻസി തയ്യാറാക്കിയ രൂപകൽപനയും അത് പ്രകാരമുള്ള സൈറ്റ് പ്ലാനിനും അംഗീകാരം നൽകുന്ന കീഴ്വഴക്കമില്ലാത്തതിനാൽ ഒരു സംയുക്ത പരിശോധനയ്ക്കുള്ള തുടർ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയാണുണ്ടായത്. നിലവിൽ മേൽ പദ്ധതിയുടെ എസ് പി വി ആയി കെ.എസ്.ഐ.ടി.എൽ നെ നിയമിക്കാൻ നിർദ്ദേശിച്ച സാഹചര്യത്തിൽ, ടി പ്രവൃത്തിക്ക് ഭരണ വകുപ്പായി ചേർത്തിട്ടുള്ള പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കുന്നതിനും, പ്രവൃത്തി നിർവ്വഹിക്കുന്നതിന് കെ.എസ്.ഐ.ടി.എൽ-നെ P45C/

ചുമതലപ്പെടുത്തുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കണം എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. നവകേരള സദസ്സിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലാണ് ധർമ്മടം മണ്ഡലത്തിൽ നവകേരള മിനി ഓഡിറ്റോറിയം എന്ന പദ്ധതി അനുവദിച്ചിരിക്കുന്നത്. നവകേരള സദസ്സ് പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 30.05.2025-ലെ സ.ഉ(കൈ)നം. 1/2025/PIEMD പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം "പ്രോജക്ടുകളുടെ നിർവഹണം സർക്കാർ വകുപ്പുകളോ ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളോ മുഖേന നടത്താവുന്നതാണ്. നിർവഹണം നടത്താൻ ഉദ്ദേശിക്കുന്ന വകുപ്പിന്റെ/ഏജൻസിയുടെ സഹായത്തോടെ വിശദമായ പദ്ധതിരേഖ (ഡിപിആർ) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ SOR അടിസ്ഥാനമാക്കി PRICE സോഫ്റ്റ്വെയർ തയ്യാറാക്കേണ്ടതാണ്. നിയമപരമായി ഒടുക്കേണ്ട നികുതി ഉൾപ്പെടെയുള്ള എല്ലാ അടവുകളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം. നിർവഹണം അക്രഡിറ്റഡ് ഏജൻസി മുഖേനയാണെങ്കിൽ അനുവദനീയമായ സെന്റേജ് ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം. ഭരണാനുമതി നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ഭരണ വകുപ്പ് ഇവ ഉറപ്പാക്കേണ്ടതാണ്" എന്നിങ്ങനെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാവുന്നതാണ്.

5. ടി വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ പ്രവൃത്തിക്ക് ചുമതലപ്പെടുത്തിയിരിക്കുന്ന നിർവ്വഹണ വകുപ്പ് തന്നെയാണ് ഇപ്രകാരം അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തേണ്ടത് എന്ന് മനസ്സിലാക്കാവുന്നതാണ്. പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസികളെ നിശ്ചയിച്ച് ധനകാര്യ (ഇൻഡ് & പിഡബ്ല്യു) വകുപ്പ് പുറപ്പെടുവിച്ച അവസാനത്തെ ഉത്തരവിൽ (GO(P)No.104/2022/FIN dated 02/09/2022-) കെ.എസ്.ഐ.ടി.എൽ (KSITL) എന്ന ഒരു ഏജൻസി ഉൾപ്പെട്ടിട്ടില്ല .

6. തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി ആയി കെ.എസ്.ഐ.ടി.ഐ.എൽ-നെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടി .

7. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് നൽകിയിരിക്കുന്ന റിമാർക്ക്സ് ചുവടെ ചേർത്തിരിക്കുന്നു.

*"AD is advised to proceed as per extant GO's and guidelines issued vide GO(Rt)No. 1/2025/PIE&MD dated 30/5/2025, G O(Ms)No. 3/2025/PIE&MD dated 28/7/2025, GO(P)67/2021/Fin dated 28/4/2021, GO(P) 104/2022/Fin dated 2/9/2022 regarding use of SPV and Accredited agencies for work execution.*

*This has the approval of Hon. Minister ( Finance )."*

8. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് നൽകിയിരിക്കുന്ന റിമാർക്സ് പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി SPV, അംഗീകൃത ഏജൻസികൾ എന്നിവ ഉപയോഗിക്കുന്നത് സംബന്ധിച്ച് GO(Rt)No. 1/2025/PIE&MD തീയതി 30/5/2025, G O(Ms)No. 3/2025/PIE&MD തീയതി 28/7/2025, GO(P)67/2021/Fin തീയതി 28/4/2021, GO(P) 104/2022/Fin തീയതി 2/9/2022 എന്നിവ പ്രകാരം പുറപ്പെടുവിച്ച നിലവിലുള്ള GO-കളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

9. എന്നാൽ GO(P) 104/2022/Fin തീയതി 2/9/2022 പ്രകാരം നിശ്ചയിച്ചിരിക്കുന്ന അംഗീകൃത ഏജൻസികളുടെ പട്ടികയിൽ KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL) എന്ന സ്ഥാപനം ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ തുടർ ഉത്തരവുകൾക്കായി ഫയൽ സമർപ്പിച്ചപ്പോൾ ധനകാര്യവകുപ്പിന്റെ അഭിപ്രായം സഹിതം സമർപ്പിക്കുന്നതിന് ബഹു. മന്ത്രി ഉത്തരവ് നൽകിയിരിക്കുന്നു.

10. എന്നാൽ നിലവിൽ ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് പ്രകാരം റിമാർക്സ് നൽകിയിട്ടുള്ളതായും, ആയത് പ്രകാരം ധനകാര്യ വകുപ്പ് നൽകിയിരിക്കുന്ന റിമാർക്സ് പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി SPV, അംഗീകൃത ഏജൻസികൾ എന്നിവ ഉപയോഗിക്കുന്നത് സംബന്ധിച്ച് GO(Rt)No. 1/2025/PIE&MD തീയതി 30/5/2025, G O(Ms)No. 3/2025/PIE&MD തീയതി 28/7/2025, GO(P)67/2021/Fin തീയതി 28/4/2021, GO(P) 104/2022/Fin തീയതി 2/9/2022 എന്നിവ പ്രകാരം പുറപ്പെടുവിച്ച നിലവിലുള്ള GO-കളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്നും, എന്നാൽ GO(P) 104/2022/Fin തീയതി 2/9/2022 പ്രകാരം നിശ്ചയിച്ചിരിക്കുന്ന അംഗീകൃത ഏജൻസികളുടെ പട്ടികയിൽ KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL) എന്ന സ്ഥാപനം ഉൾപ്പെട്ടിട്ടില്ലാത്തതാണ് ~~എന്നും കാണാവുന്നതാണ്.~~

11. മേൽ വിഷയത്തിൽ തുടർ ഉത്തരവുകൾക്കായി ഫയൽ ബഹു. പൊതുമരാമത്ത് വിനോദ സഞ്ചാര വകുപ്പ് മന്ത്രിക്ക് സമർപ്പിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## **തീരുമാനിക്കേണ്ട വിഷയം**

നവകേരള സദസ്സുമായി ബന്ധപ്പെട്ട് ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച നവകേരള മിനി ഓഡിറ്റോറിയം എന്ന പദ്ധതിയുടെ എസ്.പി.വി ആയി, G.O(P 104/2022/Fin. Dated 02-09-2022 ഉത്തരവിൽ അക്രഡിറ്റഡ് ഏജൻസിയായി ഉൾപ്പെട്ടിട്ടില്ലാത്ത KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL) ഉൾപ്പെടുത്താമോ?

**GOVERNMENT OF KERALA**

**(SHRI.PINARAYI VIJAYAN MINISTRY)**

**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | PWD-G3/563/2025-PWD |
| 2. | Department | : | Public Works (G) Department |
| 3. | Subject | : | PWD-Appointing KSITIL as the SPV of Navakerala Sadas Project Navakerala Mini Auditorium,Pinarayi Convention Centre in Dharmadam LAC |
| 4. | Date of Chief Minister's order for placing before the Council | : | 12.03.2026 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative,whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Shri. Sumesh Kumar C |
| 8. | Name of Secretary who approved the Draft Note | : | Shri K Biju |
| 9. | Date of approval of the Draft Note for the Council by the Secretary | : | - 13/03/2026 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | - |
| 12. | Name of Minister who approved the Draft Note | : | Shri. P A Mohamed Riyas |
| 13. | Date of approval of the Draft Note for the Council by the Minister | : | - |
| 14. | Date of Submission of fair copies | : | - |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

## NOTE FOR COUCIL OF MINISTERS

1. This note ~~concerns~~ the request to appoint KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL) as the SPV for the project sanctioned in the Dharmadam constituency in connection with the Navakerala Sadas.

2. The final list of development projects from the Navakerala Sadas and the operational guidelines were approved via G.O(Ms) No. 1/25/PIEMD dated 30-05-2025. ~~Per~~ G.O(Ms) No. 3/25/PIEMD dated 28-07-2025, the Public Works Department ~~(PWD)~~ was designated as the administrative department for the "Mini Auditorium ~~and~~ Pinarayi Convention Centre" project, which was allocated 5 crore rupees. The Project Implementation and Evaluation Monitoring Department (PIEMD) has indicated that the request to appoint KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED (KSITIL) as the SPV should be addressed by the administrative department, i.e., the PWD.

3. The Chief Engineer of the PWD (Buildings) has reported that for the 5-crore project, work can only proceed based on plans approved by the Chief Architect's office. Since there is no precedent for approving designs and site plans prepared by external agencies, a joint inspection was proposed. The report further notes that since it has been suggested to appoint KSITIL as the SPV, the PWD should be relieved of its role as the administrative department for this specific project.

4. Guidelines issued on 30.05.2025 (G.O No. 1/2025/PIEMD) stipulate that projects may be implemented through government departments or accredited agencies approved by the Finance Department. The administrative department is responsible for ensuring that detailed project reports (DPR) and estimates (based on the latest SOR and PRICE software) are prepared, including all taxes and centage charges if an accredited agency is involved.

5. Examining these provisions, it is clear that the implementation department is responsible for appointing an accredited agency. However, KSITIL is not included in the latest Finance Department list of accredited agencies for public works (G.O(P) No. 104/2022/FIN dated 02/09/2022).

6. The Finance Department's opinion was sought regarding the appointment of KSITIL as the SPV.

7. The Finance Department responded: "AD is advised to proceed as per extant GO's and guidelines issued vide G.O(Rt)No. 1/2025/PIE&MD dated 30/5/2025, G.O(Ms)No. 3/2025/PIE&MD dated 28/7/2025, G.O(P)67/2021/Fin dated 28/4/2021, G.O(P) 104/2022/Fin dated 2/9/2022 regarding use of SPV and Accredited agencies for work execution. This has the approval of Hon. Minister (Finance)."

8. The Finance Department has advised strictly following the existing government orders and guidelines cited above.

9. Since KSITIL is not in the list of accredited agencies per G.O(P) 104/2022/Fin, the file was submitted for further orders. The Hon. Minister has directed that the matter be submitted with the Finance Department's remarks.

10. "However, it is noted that the Finance Department has currently provided remarks on this matter, instructing that further actions regarding the use of Special Purpose Vehicles (SPVs) and accredited agencies for project execution should be taken in accordance with the existing Government Orders (GOs) and guidelines issued vide G.O(Rt) No. 1/2025/PIE&MD dated 30/05/2025, G.O(Ms) No. 3/2025/PIE&MD dated 28/07/2025, G.O(P) 67/2021/Fin dated 28/04/2021, and G.O(P) 104/2022/Fin dated 02/09/2022. It is also observed that the Kerala State Information Technology Infrastructure Limited (KSITIL) is not included in the list of accredited agencies stipulated under G.O(P) 104/2022/Fin dated 02/09/2022."

11. When the file was submitted for orders, the Hon. Chief Minister has ordred to place the matter before the Coucil of Ministers.

**Point for Decision**

Whether the Kerala State Information Technology Infrastructure Limited (KSITIL), which is not currently included as an accredited agency in G.O(P) 104/2022/Fin dated 02-09-2022, may be included/appointed as the SPV for the Navakerala Mini Auditorium project in the Dharmadam constituency?

13/3/26 13/03/26 13/3/2026 13/3/26 14-03-26